പയൽ സ്കൂളുകളിലെ അദ്ധ്യാപകനിയമനം.

* 1438. [21] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956 ജൂൺ 1-ാംതീയതിക്കു ശേഷം ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്ന പയൽസ്കൂളുകളിൽ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിന്റെയോ, പി. എസ്. സി-യുടെയോ അഡൈ്വസുകൂടാതെ ഡയറക്ടർ നേരിട്ടു നിയമിച്ചിട്ടുള്ളവർ എത്ര ;

(സി) ഈ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള വിവിധ സഹകരണ സംഘങ്ങളിൽ പെയ്ഡ് സെക്രട്ടറിമാരായും, സാങ്കേതിക പരിശീലനകേന്ദ്രങ്ങളിൽ ഇൻസ്ട്രക്ടർമാരായും എത്രപേരെ ഡയറക്ടർ നേരിട്ടു നിയമിക്കാൻ ഇടയായി ;

(ഡി) നിയമനങ്ങൾ സംബന്ധിച്ച് ഗവണ്മെൻറുത്തരവിലെ അനുശാസനങ്ങൾ ഡയറക്ടർ ആഫ് ഹരിജൻ വെൽഫയർ ലംഘിച്ചിട്ടുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ഡി) ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൽ, പി. എസ്. സി-യുടെയോ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിന്റെയോ അഡൈ്വസുകൂടാതെ നിയമനങ്ങൾ നടന്നിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഇല്ല. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൽ, ഹരിജൻ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. ആ നിയമനങ്ങൾ കഴിഞ്ഞ കൊല്ലംവരെ കണ്ടിൻജൻസി എന്ന നിലയിൽ ഡിപ്പാർട്ടുമെൻറ് മേധാവിതന്നെ നടത്തുകയായിരുന്നു. കഴിഞ്ഞ കൊല്ലമാണ് അതു എസ്റ്റാബ്ലിഷ്മെൻറാക്കി ഉയർത്തിയതു്. അതിനുശേഷം, ഹരിജൻ സ്കൂളുകളിലെ ടീച്ചേഴ്സിന്റെ കാറ്റഗറിഫിക്കേഷൻ എന്തായിരിക്കണം എന്നതു പി. എസ്. സിയുമായിട്ടു കൺസൾട്ടേഷനിൽ ഇരിക്കുകയാണ്. ഇപ്പോൾ മാത്രമേ ഒരു തീരുമാനം ആയിട്ടുള്ളൂ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖേനയല്ലാതെ, ഡിപ്പാർട്ടുമെൻറ് മേധാവി ആരെയെങ്കിലും നിയമിച്ചാൽ ആ മാസത്തെ ശമ്പളം കംപ്ട്രോളർ അനുവദിക്കരുതെന്നുള്ള ഉത്തരവുണ്ടായതിനു ശേഷം ഡയറക്ടർ ഇത്തരം നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ക്രാഫ്റ്റ് ടീച്ചേഴ്സായിട്ടും, ഹരിജൻ സ്കൂൾ ടീച്ചേഴ്സായിട്ടും, സഹകരണസംഘങ്ങളിൽ പെയ്ഡ് സെക്രട്ടറിമാരായും 40-120 കമ്പളത്തിൽ നാലിൽപരം ആളുകളെ ഹരിജൻവെൽഫയർ ഡയറക്ടർ നിയമിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ ?

ശ്രീ. പി. കെ. ചാത്തൻ : എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും പേരു വരുത്തിയിട്ട് അങ്ങനെ ആവശ്യമുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങനെയല്ലാതെ, സ്വന്തമായിട്ട്, ഹരിജൻ വെൽഫയർ ഡയറക്ടർ നിയമനം നടത്തിയിട്ടുള്ളതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ കർശനമായിട്ട നടപടി നടത്തുമോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെയുണ്ടായിട്ട വേണ്ടേ നടപടി നടത്താൻ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 1956-നുശേഷം; പി. എസ്. സി. മുഖേന അല്ലാതെ നിയമനം നടത്തരുതെന്ന ഉത്തരവുണ്ടായിട്ടും, അതിൻ വിപരീതമായി നിയമനം നടന്നിട്ടില്ലേ?

ശ്രീ. പി. കെ. ചാത്തൻ : കണ്ടിൻജൻസി ഇനത്തിലായിരുന്നപ്പോൾ അങ്ങനെയുള്ള നിയമനങ്ങൾ ഡിപ്പാർട്ടുമെൻറ മേധാവിക്ക നടത്താമായിരുന്നു. അതിനുശേഷം, പി. എസ്. സി.യുടെ അഡൈ്വസു കിട്ടിയാൽ മാത്രമേ നിയമനം നടത്താവൂ എന്ന അവസ്ഥ വന്നതു് ഇയിടെയാണു്. പി. എസ്. സി.യുമായി കൺസൾട്ടേഷൻ നടക്കുന്നതിനു മുൻപു് ഉണ്ടായിട്ടുണ്ടെങ്കിൽ അതു അത്യാവശ്യമായി ജോലി നടത്തിപ്പിനായിരിക്കും ചെയ്തിട്ടുള്ളതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങനെ നിയമിക്കരുതെന്ന ഗവണ്മെൻറ് ആർഡർ ആയതിനുശേഷവും, ഇത്തരം നിയമനങ്ങൾ ഡയറക്ടർ നടത്തിയിട്ടുള്ളതിനെ സംബന്ധിച്ചു ഈ നിയമസഭയിൽതന്നെ ചോദ്യങ്ങൾ ഉണ്ടായിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ വേണ്ട അന്വേഷണം നടത്തി നടപടി നടത്താൻ തയ്യാറാകുമോ ?

ശ്രീ. സി. അച്യുതമേനോൻ: ഇതിനു വ്യക്തമായിട്ട് രണ്ടുമൂന്നു പ്രാവശ്യം മറുപടി പറഞ്ഞതാണു്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും പേരു വരുത്തിയിട്ടാണു് നിയമനം നടത്തിയതെന്നു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങനെയല്ല നിയമനം നടന്നിട്ടുള്ളതെങ്കിൽ കർശനമായ നടപടി നടത്തുമോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനും ഉത്തരം പറഞ്ഞു.

ശ്രീ. പി. ടി. ചാക്കോ : സർ, ഇതിൽ ബന്ധപ്പെട്ട പ്രധാനകാര്യത്തിനു് ഉത്തരം പറഞ്ഞിട്ടില്ല. ഇത്തരമായ തെറ്റുകൾ നടന്നിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ നടപടി നടത്തുമോ എന്നു ചോദിച്ചപ്പോൾ അങ്ങനെയുള്ള നിയമനങ്ങൾ ഉണ്ടായിട്ടില്ല എന്നു് ഉത്തരം പറഞ്ഞു. അങ്ങനെ നടന്നിട്ടുള്ളതായി തെളിവുതന്നാൽ വേണ്ട നടപടി നടത്തുമോ എന്നാണു് ശ്രീ. ബാലകൃഷ്ണപിള്ള ചോദിക്കുന്നതു്. അങ്ങനെ ഏറ്റവും ഗുരുതരമായ ഒരു ആരോപണം ഈ നിയമസഭയുടെ മുൻപിൽ വച്ചിരിക്കുന്ന സ്ഥിതിക്കു് അതിനെപ്പറ്റി ഒരു അന്വേഷണം നടത്തുമോ ?

ശ്രീ. പി. കെ. ചാത്തൻ : വ്യക്തമായിട്ടുള്ള എന്തെങ്കിലും ആരോപണങ്ങൾ കൊണ്ടുവന്നാൽ, അതിനെപ്പറ്റി അന്വേഷിക്കുന്നതിൽ വിരോധമില്ല. അങ്ങനെയുള്ള ആരോപണമൊന്നും ഇവിടെ ചോദിച്ചതിനു മറുപടി പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ ഒഴിഞ്ഞുമാറാതെ, ഗുരുതരമായ ആരോപണം ഉണ്ടെന്നും, അതു തെളിയിക്കാൻ തയ്യാറാണെന്നും ഒരു മെമ്പർ പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കേണ്ടതല്ലേ ?

ശ്രീ. പി. കെ. ചാത്തൻ : ഇതു് ഗുരുതരമായ ആരോപണമല്ലെന്നു്, ഒരന്വേഷണം നടത്തി സമർത്ഥിക്കേണ്ട കാര്യമില്ല. അവിടെ നടന്നിട്ടുള്ള നിയമനങ്ങൾ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി പേരു വരുത്തി ചെയ്തിട്ടുള്ളതാണെന്നു പറഞ്ഞുകഴിഞ്ഞു. അതു അത്യാവശ്യമായിട്ടുള്ള നിയമനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ്. പി. എസ്. സി. മുഖേന നിയമിക്കേണ്ടതിനെപ്പറ്റി അതുശ്യമായ നിർദ്ദേശം പി. എസ്. സി.യിൽനിന്നും കിട്ടാനുള്ളതു് പ്രതീക്ഷിക്കുകയാണു്. അതു കിട്ടിക്കഴിഞ്ഞാൽ മറ്റുപ്രകാരം നിയമനങ്ങളും നടക്കുന്നതാണു്. മുൻപു് കണ്ടിൻജൻസി വകുപ്പിൽ നടന്നിട്ടുള്ള നിയമനങ്ങളും ഗുരുതരമായ ആരോപണമായി കൊണ്ടുവരുന്നതു് ശരിയല്ല.

ശ്രീ. പി. ടി. ചാക്കോ : ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ, ഇനി മേലാൽ ഡയറക്ടർ നേരിട്ടു നിയമിക്കരുതെന്നു ഗവണ്മെൻറിൽനിന്നും ഉത്തരവു് കൊടുത്തിരുന്നുവോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ നിയമനം ഒന്നും നടത്തരുതെന്നു് ഉത്തരവു കൊടുക്കാൻ നിവൃത്തിയില്ല; കാരണം ജോലി നടക്കണമല്ലോ.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയൊരു ഉത്തരവുണ്ടായതിനു ശേഷം ഡയറക്ടർ നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : കണ്ടിൻജൻസിയിൽ നിയമനം നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു ഉത്തരവിൻറെ ആവശ്യമില്ല. അതു് പെർമനൻറ് എസ്റ്റാബ്ലിഷ്മെൻറായി ഉയർത്തിയതിനുശേഷം, അതിനെപ്പറ്റി പി. എസ്. സി.യുമായി കൺസൾട്ടേഷൻ നടത്തുകയാണു്.

ശ്രീ. പി. ടി. ചാക്കോ : സർ, ഭരണകക്ഷിയിലെ ഒരു മെമ്പർ, ഇങ്ങനെയാരു ആരോപണം ഉന്നയിച്ചിരിക്കുകയാണു്. ഗവണ്മെൻറിൽനിന്നും, ഡയറക്ടർ നേരിട്ടു നിയമനം നടത്തരുതെന്നു് ഒരു ഉത്തരവിട്ടതിനുശേഷം, ഡയറക്ടർ നിയമനം നടത്തിയതായിട്ടാണു് പറയുന്നതു്. അതു മന്ത്രി നിഷേധിക്കുന്നുണ്ടോ ?

മി. സ്പീക്കർ : അങ്ങനെ ചെയ്തിട്ടില്ലെന്നു പറഞ്ഞുകഴിഞ്ഞല്ലോ.

തൊഴിലാളിയുടെ മുകൾ ലോറിമുട്ടി മരിച്ച സംഭവം.

* 1439. [22] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959 മേയ് ഒന്നാംതീയതി കൊല്ലത്തിനടുത്തുവച്ചു് ഒരു തൊഴിലാളിയുടെ മേൽ ലോറിമുട്ടി മരിച്ചതായ ഒരു സംഭവമുണ്ടായതു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈയാണ്ടിലെ മേയ്ദിനത്തിൽ ഉണ്ടായ ഈ അനിഷ്ടസംഭവത്തെപ്പറ്റി വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(സി) ഇതേപ്പറ്റി ഗവണ്മെൻറു വല്ല അന്വേഷണവും നടത്തിയോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 1959 മേയ് ഒന്നാംതീയതി ഇങ്ങനെയൊരു സംഭവം നടന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല; മേയ് മൂന്നാംതീയതി ഒരു സംഭവം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഈ വിഷയം അന്വേഷണത്തിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജ് : മേയ് മിനം പ്രമാണിച്ചു് ആർ. എസ്പി. പി. തൊഴിലാളികളും, കമ്മ്യൂണിസ്റ്റുകാരും നടത്തിയ പ്രകടനത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ ജാഥസഞ്ചരിച്ചിരുന്ന ഒരു ലോറിമുട്ടിയാണു് ഈ മരണം സംഭവിച്ചിട്ടുള്ളതെന്ന ആരോപണം പത്രങ്ങളിൽകണ്ടതു ഗവണ്മെൻറു ശ്രദ്ധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly